പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3075

07/11/2019-ൽ മറുപടിക്ക്

## കായികാദ്ധ്യാപക സമരം

**ചോദ്യം**

ശ്രീ.പാറക്കൽ അബ്ദുല്ല:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) ഏഴ് ലക്ഷം പ്രൈമറി വിദ്യാർത്ഥികൾക്കും എട്ട് ലക്ഷം ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കും കായിക വിദ്യാഭ്യാസവും കായിക അദ്ധ്യാപകരും ഇന്ന് പ്രാപ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാറ്റമില്ലാതെ തുടരുന്ന ഈ ദുരവസ്ഥയ്ക്കെതിരെ സംസ്ഥാനത്തെ കായികാദ്ധ്യാപകർ കഴിഞ്ഞ നാലു മാസമായി നടത്തിവരുന്ന സമരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ:

(എ) യും (ബി) യും കായികവിദ്യാഭ്യാസം എല്ലാ കുട്ടികളിലും എത്തിക്കുന്നതിനു പ്രാപ്തരായ അദ്ധ്യാപകർ ഇന്നു കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തുണ്ട്. എന്നിരുന്നാലും, കായികാദ്ധ്യാപക സംഘടനകൾ നൽകിയ നിവേദനങ്ങളിലെ ചില ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

(സി) അദ്ധ്യാപക സമരത്തെ തുടർന്ന് സ്കൂൾ കായിക മേളകൾക്ക് താഴെത്തട്ടിലുണ്ടായ പകിട്ടില്ലായ്മയും പിടിപ്പുകേടും പരിശോധിക്കുകയുണ്ടായോ;

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എങ്കിൽ അടുത്ത മാസം നടക്കാനിരിക്കുന്ന സംസ്ഥാന സ്കൂൾ കായികമേള നീട്ടി വയ്ക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ സമരം ഒത്തു തീർപ്പിലെത്തിക്കുന്നതിന് സാഹചര്യമൊരുക്കുമോ എന്നറിയിക്കാമോ?

(ഡി) ബാധകമല്ല.

സെക്ഷൻ ഓഫീസർ